# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 572 10.03.2015-ലെ മറുപടിയ്ക്ക്

### സ്വർണ്ണം, വെള്ളി, വജ്രം വില്പന ഇനത്തിൽ നികുതി വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, വജ്രം തുടങ്ങിയവ വിപണനം ചെയ്യുന്ന എത്ര ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; | (എ) 31.01.2015 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, വജ്രം തുടങ്ങിയവ വിപണനം ചെയ്യുന്ന 5408 ഷോപ്പുകൾ പ്രവർത്തിച്ച വരുന്നുണ്ട്. |
| (ബി) സ്വർണ്ണം, വെള്ളി, വജ്രംതുടങ്ങിയ വില്പന ഇനത്തിൽ സർക്കാരിന്റെ നികുതി വരുമാനം സംബന്ധിച്ച കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ; | (ബി) (പട്ടിക താഴെ) |

| വർഷം | ലഭിച്ച നികുതി വരുമാനം (കോടിയിൽ) |
|---|---|
| 2010-11 | 225.40 |
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |
| 2014-15 (31.03.2015 വരെ) | 382.15 |

(സി) ജ്വല്ലറിയുടെ എണ്ണത്തിലെയും വ്യാപാരത്തിലെയും വർദ്ധനയ്ക്ക നുസൃതമായി നികുതി വരുമാനം വർദ്ധിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ജ്വല്ലറികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനയുണ്ടായിട്ടില്ല. ഭൂരിഭാഗം വ്യാപാരികളും കോമ്പൗണ്ടിംഗ് വ്യവസ്ഥയിലാണ് നികുതി അടയ്ക്കുന്നത്. അതു പ്രധാനമായും തലേ വർഷം അടച്ച നികുതിയുമായി ബന്ധപ്പെടുത്തിയാണ് തിട്ടപ്പെടുത്തുന്നത്. 2014-15 ൽ കോമ്പൗണ്ടിംഗ് നികുതി നിരക്ക് 2013-14 മുതൽ പിൻകാല പ്രാബല്യത്തോടെ കുറച്ചിട്ടുണ്ട്. ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശയുടെയും കൂടി അടിസ്ഥാനത്തിലാണ്. ഇപ്പോൾ സ്വർണ്ണം വില

പൊതുവേ കുറവു രേഖപ്പെടുത്തുന്ന പ്രവണതയാണുള്ളത്. കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അല്ലാതെ നികുതി അടയ്ക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സാഹചര്യത്തിൽ പരിശോധന നടത്താറുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ അഞ്ച് വർഷത്തെ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിദിനം സംസ്ഥാനത്ത് എത്ര കിലോഗ്രാം സ്വർണ്ണം വില്പന നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ | (ഡി) | സ്വർണ്ണ വിൽപ്പനയുടെ കണക്ക് നികുതി വകുപ്പിൽ ലഭ്യമല്ല. |
| (ഇ) | സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ വ്യാപരത്തിലൂടെ യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്ന നികുതിയിൽ നല്ലൊരുപങ്കും ചോർന്നു പോകുന്നതായി സർക്കാരിനറിയാമോ; ഈ രംഗത്ത് നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ | (ഇ) | സ്വർണ്ണത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് സ്യൂട്ട്കേസ്, മടിശ്ശീല വ്യാപാരം എന്നിവ സാദ്ധ്യമാണെന്നതിനാൽ നികുതി വെട്ടിപ്പ് സാദ്ധ്യത വളരെ കൂടുതലാണ്. പ്രധാന വ്യാപാരികളെല്ലാം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്ന് പറയാൻ സാദ്ധ്യമല്ല. എന്നാൽ ധാരാളം സ്വർണ്ണ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ട്രെയിൻ, വിമാനം എന്നീ മാർഗ്ഗങ്ങളിലൂടെ ബാഗുകളിലും മറ്റുമായി വ്യാപാര സ്ഥാപനങ്ങളിൽ എത്തിച്ച് കൊടുക്കുന്ന പ്രവണത വ്യാപകമാണ്. അത്തരം ധാരാളം കേസുകൾ കണ്ടെത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ഇത്തരം അനധികൃത സ്വർണ്ണ വ്യാപാരം പരമാവധി ഇല്ലാതാക്കുന്നതിനായി ഇൻറലിജൻസ് വിഭാഗം പരമാവധി ശ്രമിക്കുന്നുണ്ട്. സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഹാൾ മാർക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് സൂക്ഷ്മ നിരീക്ഷണ നടത്തി കള്ളക്കടത്തു സ്വർണ്ണം പിടിച്ചെടുക്കുന്നുണ്ട്. മേല്പറഞ്ഞ പരിശോധനകൾ പരമാവധി വർദ്ധിപ്പിച്ച് സ്വർണ്ണാഭരണ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ